**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4950** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (എ) | എല്ലാ വർഷവും വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി കേന്ദ്രസർക്കാരിന്റെ പ്രോജക്റ്റ് അപ്രൂവൽ ബോർഡ് (PAB) അംഗീകരിക്കുന്ന തുകയാണ് കേന്ദ്രവിഹിതമായു സംസ്ഥാന വിഹിതമായും ലഭിക്കുന്നത്. ടി തുക അനുവദിക്കുന്നത് ചുവടെ പറയുന്ന 5 ഇനങ്ങൾക്കായാണ്.<br><br>1) Material cost - (60% കേന്ദ്രവിഹിതം, 40% സംസ്ഥാന വിഹിതം)<br><br>2) Honorarium to Cook – Cum – Helpers (60% കേന്ദ്രവിഹിതം 40% സംസ്ഥാന വിഹിതം) പാചകത്തൊഴിലാളികൾക്ക് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള പ്രതിമാസ ഓണറേറിയം 1000/- രൂപ മാത്രമാണ്. ആയതിൽ 600/- രൂ കേന്ദ്രവിഹിതവും 400/-രൂപ സംസ്ഥാനവിഹിതവുമാണ്. എന്നാൽ പാചകത്തൊഴിലാളികൾക്ക് സംസ്ഥാനം നൽകുന്ന കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയും പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയുമാണ്. ഇത് കേന്ദ്രം നിഷ്കർഷിക്കുന്ന തുകയുടെ 12-13 ഇരട്ടിയാണ്.<br><br>3) Cost of food grains (100% കേന്ദ്രവിഹിതം)<br><br>4) Transportation assistance – (100% കേന്ദ്രവിഹിതം )<br><br>5) MME - (100% കേന്ദ്രവിഹിതം)<br><br>2024 – 2025 വർഷത്തേക്ക് റെക്കറിംഗ് ഇനത്തിൽ ആകെ 42075.30 ലക്ഷം രൂപയാ കേന്ദ്ര സർക്കാർ അംഗീകരിച്ചത്. ഇതിൽ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാർ വിഹിതം 26730.27 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 15345.03 ലക്ഷം രൂപയുമാണ്. |

സെക്ഷൻ ഓഫീസർ